(സി) എന്നത്തേയ്ക്ക് പ്രസ്തുത പദ്ധതി പൂർത്തീകരിക്കുവാൻ കഴിയും;

(ഡി) ഈ പദ്ധതിക്കുവേണ്ടി ഇതിനകം എത്ര തുക ചെലവഴിച്ചു;

(ഇ) ഈ പദ്ധതിയുടെ നടത്തിപ്പിനായി കേന്ദ്ര സഹായം ലഭിച്ചിട്ടുണ്ടോ; എങ്കിൽ എത്ര; ഇതിനകം ഇതിൽ നിന്നും എത്ര തുക ചെലവഴിച്ചു;

(എഫ്) കമ്പ്യൂട്ടർ കിയോസ്കുകൾ എന്ന പേരിൽ സേവന കേന്ദ്രങ്ങൾ ആരംഭിക്കുന്ന പദ്ധതി ഇൻഫർമേഷൻ കേരള മിഷൻ ഏറ്റെടുത്തിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ; ഇതിനായി എത്ര തുകയാണ് ചെലവഴിച്ചതെന്ന് വെളിപ്പെടുത്തുമോ?

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. കുട്ടി അഹമ്മദ്കുട്ടി):

(എ) പദ്ധതി നടത്തിപ്പിനെക്കുറിച്ച് അവലോകനം നടത്തിവരുന്നുണ്ട്.

(ബി) 12-8-1999-ൽ ആരംഭിച്ചു.

(സി) 31-3-2008-ന് പദ്ധതി പൂർത്തീകരിക്കാൻ ലക്ഷ്യമിട്ട് സംസ്ഥാനതല നിർവ്വഹണത്തിന് ടെണ്ടർ നടപടികൾ ആരംഭിച്ചിട്ടുണ്ട്.

(ഡി) 31-12-2004 വരെ 13.18 കോടി രൂപ ചെലവഴിച്ചു.

(ഇ) ഉണ്ട്. അധിക കേന്ദ്ര സഹായമായി 33 കോടി രൂപ സംസ്ഥാന ഗവൺമെന്റിന് ലഭിച്ചിട്ടുണ്ട്. 13.18 കോടി രൂപ ഇതിനകം ചെലവഴിച്ചിട്ടുണ്ട്.

(എഫ്) ഇല്ല.

ആയുർവേദ സർവകലാശാല സ്ഥാപിക്കൽ

*20 [20] ശ്രീ. ബി. വിജയകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആയുർവേദത്തിന് മാത്രമായി ഒരു സർവകലാശാല സംസ്ഥാനത്ത് സ്ഥാപിക്കുന്ന കാര്യം പരിഗണനയിലുണ്ടോ;

(ബി) കേന്ദ്ര സർക്കാരിന്റെ വിദഗ്ദ്ധ പഠന സംഘം ഇതിനായി കേരളം സന്ദർശിച്ചിട്ടുണ്ടോ;

(സി) ഇക്കാര്യത്തിൽ സർക്കാരിന്റെ നിലപാട് വ്യക്തമാക്കുമോ?

ആരോഗ്യവകുപ്പുമന്ത്രി (ശ്രീ. കെ. കെ. രാമചന്ദ്രൻമാസ്റ്റർ):

(എ) ഉണ്ട്.

(ബി) ഇല്ല.

(സി) കേന്ദ്രാനുമതി ലഭിച്ചാൽ തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly